**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 944** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>തോലന്നൂർ ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. പി. സുമോദ് ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** പാലക്കാട് ജില്ലയിലെ തോലന്നൂർ ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** തോലന്നൂർ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് നിർമ്മാണ പ്രവൃത്തി രണ്ട് ഘട്ടങ്ങളിലായിട്ടാണ് നിലവിൽ ഭരണാനുമതി ലഭ്യമായിട്ടുള്ളത്.

29.07.2025-ലെ സ.ഉ.(സാധാ) നമ്പർ 1020/2025/Hedn. പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച തോലന്നൂർ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് കെട്ടിട നിർമ്മാണം - ഫേസ് 1 എന്ന പ്രവൃത്തിക്കായി 18/05/2026 ന് കരാറുകാരന് സ്ഥലം കൈമാറിയിട്ടുണ്ട്.

13.10.2025-ലെ സ.ഉ(സാധാ) നം.1514/2025/PWD പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച തോലന്നൂർ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് കെട്ടിട നിർമ്മാണം - ഫേസ് 2 പ്രവൃത്തിയുടെ ടെന്റേറ്റീവ് ഡിസൈൻ ലഭ്യമായിട്ടുണ്ട് . ആയതിന്റെ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**